തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676502
ഫോൺ : 0494 2631230

നം. 10/2025/ഇലക്ഷൻ/ഡി2 07.11.2025

## വിജ്ഞാപനം

സൂചന : 29.10.2025ന് പുറപ്പെടുവിച്ച 10/2025/ഇലക്ഷൻ/ഡി2 നമ്പർ തെരഞ്ഞെടുപ്പ് വിജ്ഞാപനം.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2025 – 26 വർഷത്തെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ്, ഇതോടൊപ്പം സൂചനയായി ചേർത്തിരിക്കുന്ന വിജ്ഞാപനത്തിന്റെ തുടർച്ചയായി താഴെപറയുന്ന സ്ഥാനങ്ങളിലേക്ക് (മണ്ഡലങ്ങളിലേക്ക്) ചുവടെ ചേർത്തിരിക്കുന്ന തെരഞ്ഞെടുപ്പ് പട്ടികയിൽ കൊടുത്ത തീയതിയിലും സമയത്തും 18.11.2025ന് നടത്തുന്നതിന് വൈസ് ചാൻസലർ ഉത്തരവിട്ടതായി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

### വിദ്യാർത്ഥി യൂണിയൻ – തെരഞ്ഞെടുപ്പ് നടത്തേണ്ട സ്ഥാനങ്ങൾ (മണ്ഡലങ്ങൾ)

1) ചെയർപേഴ്സൺ – 1
2) വൈസ് ചെയർപേഴ്സൺ – 2 (രണ്ടിൽ ഒന്ന് വനിത സംവരണം)
3) ജനറൽ സെക്രട്ടറി – 1
4) ജോയിന്റ് സെക്രട്ടറി – 2 (രണ്ടിൽ ഒന്ന് വനിതാസംവരണം)
5) മാഗസിൻ എഡിറ്റർ – 1
6) ഫൈൻ ആർട്സ് സെക്രട്ടറി – 1
7) സ്പോർട്സ് സെക്രട്ടറി – 1
8) അസോസിയേഷൻ സെക്രട്ടറി
   (ഒരു പഠനസ്കൂളിൽ നിന്ന് ഒരാൾ, ആകെ 11 പേർ)
9) ബിരുദ പ്രതിനിധി – 1 (ബിരുദ വിദ്യാർത്ഥികളിൽ നിന്ന് ഒരാൾ)

(1 മുതൽ 7 വരെ സ്ഥാനങ്ങളിലേക്കുള്ളവരെ ബിരുദ, ബിരുദാനന്തരബിരുദ, ഗവേഷക വിദ്യാർത്ഥികളാണ് തെരഞ്ഞെടുക്കേണ്ടത്. 11 പഠനസ്കൂളുകളെ പ്രതിനിധീകരിച്ച് ഓരോ അസോസിയേഷൻ സെക്രട്ടറിമാരെയും അതാത് സ്കൂളിലെ ബിരുദാനന്തരബിരുദ, ഗവേഷക വിദ്യാർത്ഥികളാണ് തെരഞ്ഞെടുക്കേണ്ടത്. ബിരുദ പ്രതിനിധിയെ തെരഞ്ഞെടു ക്കേണ്ടത് ബിരുദ വിദ്യാർത്ഥികളാണ്.)

## വിദ്യാർത്ഥി യൂണിയൻ – വിപുലീകൃത തെരഞ്ഞെടുപ്പ് പട്ടിക

| | | | |
|---|---|---|---|
| 1 | തെരഞ്ഞെടുപ്പ് വിജ്ഞാപനം | 07.11.2025 | രാവിലെ 11 മണി |
| 2 | നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 11.11.2025 | ഉച്ചയ്ക്ക് 12 മണി |
| 3 | നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധന | 11.11.2025 | ഉച്ചയ്ക്ക് 2 മണി |
| 4 | സാധുവായ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരണം | 12.11.2025 | രാവിലെ 10.30 മണി |
| 5 | നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാന തീയതി | 13.11.2025 | വൈകു. 3 മണി |
| 6 | അന്തിമ സ്ഥാനാർത്ഥിപട്ടിക പ്രസിദ്ധീകരണം | 13.11.2025 | വൈകു. 4 മണി |
| 7 | പ്രചരണം<br>(പ്രചരണത്തിന് രണ്ട് പ്രവൃത്തി ദിവസങ്ങളിൽ അധികം ലഭിക്കുകയാണെങ്കിൽ അവസാനദിവസം നിശബ്ദ പ്രചരണമായിരിക്കും) | 14.11.2025<br>17.11.2025 | രാവിലെ 10 മുതൽ വൈകുന്നേരം 3.30 മണിവരെ |
| 8 | സ്ഥാനാർത്ഥികളുമായുള്ള മുഖാമുഖം | 17.11.2025 | ഉച്ചയ്ക്ക് 2 മുതൽ 3.30 വരെ |
| 9 | തെരഞ്ഞെടുപ്പ് തീയതിയും സമയവും | 18.11.2025 | രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ |
| 10 | വോട്ടെണ്ണൽ തീയതിയും സമയവും | 18.11.2025 | ഉച്ചയ്ക്ക് 1.30 മണി മുതൽ |
| 11 | ഫലപ്രഖ്യാപന തീയതിയും സമയവും | വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് | |

Sd/-
**വരണാധികാരി**

**അനുബന്ധം I**

**സ്കൂളിന്റെയും പ്രോഗ്രാമിന്റെയും പേര്**

| | | | |
|---|---|---|---|
| 1. | സ്കൂളിന്റെ പേര് | : | ഭാഷാശാസ്ത്രസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. ഭാഷാശാസ്ത്രം /പിഎച്ച്.ഡി. |
| 2. | സ്കൂളിന്റെ പേര് | : | സാഹിത്യപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. മലയാളം (സാഹിത്യപഠനം)/പിഎച്ച്.ഡി. |
| 3. | സ്കൂളിന്റെ പേര് | : | സാഹിത്യരചനാസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. മലയാളം (സാഹിത്യരചന)/പിഎച്ച്.ഡി. |
| 4. | സ്കൂളിന്റെ പേര് | : | സംസ്കാരപൈതൃകപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം.എ. മലയാളം (സംസ്കാരപൈതൃകം) /പിഎച്ച്.ഡി. |
| 5. | സ്കൂളിന്റെ പേര് | : | മാധ്യമപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ പിഎച്ച്.ഡി. |
| 6. | സ്കൂളിന്റെ പേര് | : | പരിസ്ഥിതിപഠനംസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം.എ.പരിസ്ഥിതിപഠനം/ എം.എസ്.സി.പരിസ്ഥിതിപഠനം പിഎച്ച്.ഡി. |
| 7. | സ്കൂളിന്റെ പേര് | : | വികസനപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. വികസനപഠനവും തദ്ദേശവികസനവും പിഎച്ച്.ഡി. |
| 8. | സ്കൂളിന്റെ പേര് | : | ചരിത്രപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. ചരിത്രപഠനം/ പിഎച്ച്.ഡി. |
| 9. | സ്കൂളിന്റെ പേര് | : | സോഷ്യോളജിസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. സോഷ്യോളജി/പിഎച്ച്.ഡി. |
| 10. | സ്കൂളിന്റെ പേര് | : | ചലച്ചിത്രപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. ചലച്ചിത്രപഠനം/പിഎച്ച്.ഡി. |
| 11. | സ്കൂളിന്റെ പേര് | : | എഴുത്തച്ഛൻപഠനസ്കൂൾ |
| | പ്രോഗ്രാമിന്റെ പേര് | : | എം. എ. താരതമ്യസാഹിത്യ വിവർത്തനപഠനം പിഎച്ച്.ഡി. താരതമ്യപഠനം |
| 12. | ബിരുദ വിദ്യാർത്ഥികൾ (FYUGP) | | |
| | പ്രോഗ്രാമിന്റെ പേര് | : | ബി.എ. മലയാളം ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച്, ബിഎസ്.സി.പരിസ്ഥിതിപഠനവും വികസനസാമ്പത്തിക ശാസ്ത്രവും ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് |

Sd/-

**വരണാധികാരി**

## അനുബന്ധം II

## <u>വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ്</u>

## <u>നാമനിർദ്ദേശപത്രികാസമർപ്പണം – മാർഗ്ഗനിർദ്ദേശങ്ങൾ</u>

- 06.11.2025ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം തെരഞ്ഞെടുപ്പ് തിയതിയും മറ്റും കാണിച്ച് 07.11.2025ന് വിശദമായ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം അന്നേ ദിവസം ഉച്ചയ്ക്ക് 12 മണി മുതൽ 11.11.2025 ഉച്ചയ്ക്ക് 12 മണി വരെ വരണാധികാരി/ഉപവരണാധികാരി മുമ്പാകെ നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടതാണ്.
- വോട്ടർ പട്ടികയിൽ പേരുള്ള സമ്മതിദായകൻ നാമനിർദ്ദേശപത്രിക ലഭിക്കുന്നതിന് വരണാധികാരി/ ഉപവരണാധികാരി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നാമനിർദ്ദേശപത്രിക ഇലക്ഷൻ/വരണാധികാരി ഓഫീസിൽ നിന്ന് സൗജന്യമായി അപേക്ഷകന് നൽകുന്നതാണ്.
- നാമനിർദ്ദേശപത്രിക തെറ്റില്ലാതെ പൂരിപ്പിച്ച് വരണാധികാരി/ഉപവരണാധികാരി മുമ്പാകെ തിയതി വെച്ച ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശപത്രികയും അനുബന്ധ നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ആയതിലെ നിർദ്ദേശങ്ങൾ പാലിച്ചാണ് പത്രിക സമർപ്പിക്കേണ്ടത്. മത്സരാർത്ഥിയും നിർദ്ദേശകനും പിന്താങ്ങുന്നയാളും ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയ ശേഷം ഒപ്പിടേണ്ടതാണ്.
- നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ആൾ മത്സരിക്കുന്ന സ്ഥാനം (മണ്ഡലം) നാമനിർദ്ദേശപത്രികയിൽ പ്രസ്തുത കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.
- മത്സരാർത്ഥിയുടെ പേര് ഒരു സമ്മതിദായകൻ നിർദ്ദേശിക്കേണ്ടതും മറ്റൊരു സമ്മതിദായകൻ പിന്താങ്ങേണ്ടതുമാണ്.
- ചെയർപേഴ്സൺ – 1, വൈസ് ചെയർപേഴ്സൺ – 2 (രണ്ടിൽ ഒന്ന് വനിത), ജനറൽ സെക്രട്ടറി – 1, ജോയിന്റ് സെക്രട്ടറി – 2 (രണ്ടിൽ ഒന്ന് വനിത), മാഗസിൻ എഡിറ്റർ – 1, ഫൈൻ ആർട്സ് സെക്രട്ടറി – 1, സ്പോർട്സ് സെക്രട്ടറി – 1 എന്നീ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന മത്സരാർത്ഥികളെ വോട്ടർ പട്ടികയിൽ പേരുള്ള ഏതൊരു സമ്മതിദായകനും നിർദ്ദേശിക്കുകയും മറ്റൊരാൾ പിന്താങ്ങുകയും ചെയ്യാവുന്നതാണ്. ഒരാൾ ഒന്നിൽ കൂടുതൽ പേരെ നിർദ്ദേശിക്കുകയോ പിന്താങ്ങുകയോ ചെയ്യാൻ പാടുള്ളതല്ല.
- അസോസിയേഷൻ സെക്രട്ടറി – 1 (ഓരോ പഠനസ്കൂളിനേയും പ്രതിനിധീകരിച്ച് ആകെ 11 അസോസിയേഷൻ സെക്രട്ടറിമാർ), ബിരുദ പ്രതിനിധി – 1 എന്നീ സ്ഥാനങ്ങളിലേക്ക്/മണ്ഡലങ്ങളിലേക്ക് മത്സരിക്കുന്നവർ അതാത് മണ്ഡലത്തെ പ്രതിനിധീകരിക്കുന്നവരായിരിക്കണം. നിർദ്ദേശകനും പിന്താങ്ങുന്ന ആളും അതേ മണ്ഡലത്തിലുള്ളവരായിരിക്കണം. അല്ലാത്തപക്ഷം നാമനിർദ്ദേശപത്രിക നിരസിക്കുന്നതായിരിക്കും.
- ബിരുദ പ്രതിനിധിയായി മത്സരിക്കുന്ന മത്സരാർത്ഥിയുടെ പരമാവധി പ്രായപരിധി 22 വയസ് വരെയും മറ്റ സ്ഥാനങ്ങളിലേക്ക് ( മണ്ഡലങ്ങളിലേക്ക്) മത്സരിക്കുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയുടെ പരമാവധി പ്രായപരിധി 25 വയസ് വരെയും ഗവേഷക വിദ്യാർത്ഥിയുടെ പ്രായപരിധി 28 വയസ് വരെയും ആയിരിക്കും.

- വിജ്ഞാപനതീയതി മാനദണ്ഡമാക്കിയായിരിക്കും പ്രായം കണക്കാക്കുന്നത്.
- ബിരുദമോ ബിരുദാനന്തര ബിരുദമോ അഡീഷണലായി പഠിക്കുന്ന വിദ്യാർത്ഥിക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയുന്നതല്ല.
- കുറ്റകൃത്യ പശ്ചാത്തലമില്ലായെന്നും ഒരു കോടതിയിലും കേസുകളൊന്നും നിലവിലില്ലായെന്നും 75% ൽ കുറയാത്ത ഹാജർ നില എല്ലാ സെമസ്റ്ററുകളിലും ലഭിച്ചിട്ടുണ്ടെന്നും സെമസ്റ്റർ പരീക്ഷകൾ എഴുതി വിജയിച്ചിട്ടുണ്ടെന്നും യാതൊരു അച്ചടക്ക നടപടിക്കും വിധേയനായിട്ടില്ലായെന്നും, സർവകലാശാല യൂണിയൻ ചെയർ പേഴ്സൺ, വൈസ് ചെയർ പേഴ്സൺ, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ പദവികളിലേക്ക് മുൻപ് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്നും സർവകലാശാല ചട്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതാണെന്നും കാണിച്ച് മത്സരാർത്ഥി സത്യപ്രസ്താവന നൽകേണ്ടതാണ്.
- മത്സരാർത്ഥി നാമനിർദ്ദേശപത്രിക വരണാധികാരി/ഉപവരണാധികാരി മുമ്പാകെ ഒപ്പിട്ടതിന് ശേഷമാണ് സമർപ്പിക്കേണ്ടത്. നാമനിർദ്ദേശപത്രിക സമർപ്പിച്ചതിന് രശീതി കൈപറ്റാവുന്നതാണ്.
- തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ സൂചിപ്പിച്ച തീയതിയ്ക്ക് (11.11.2025) ഉച്ചയ്ക്ക് 2 മണി മുതൽ നാമനിർദ്ദേശപത്രികയുടെ സൂക്ഷ്മപരിശോധന മണ്ഡല ക്രമത്തിൽ ആരംഭിക്കുന്നതാണ്.
- മത്സരാർത്ഥിയും മത്സരാർത്ഥി നിർദ്ദേശിക്കുന്ന ഒരു ഏജന്റിനും മാത്രമെ സൂക്ഷ്മപരിശോധനയ്ക്ക് പങ്കെടുക്കാൻ കഴിയൂ.
- സൂക്ഷമ പരിശോധനാ സമയത്ത് വരണാധികാരി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.
- എന്തെങ്കിലും കാരണത്താൽ സൂക്ഷ്മ പരിശോധനാ സമയത്ത് പത്രിക നിരസിക്കപ്പെടുകയാണെങ്കിൽ ആയത് പ്രത്യേകമായി രേഖപ്പെടുത്തി വരണാധികാരി സാക്ഷ്യപ്പെടുത്തുന്നതാണ്.
- തെരഞ്ഞെടുപ്പ് വിജ്ഞാപനം മുതൽ തെരഞ്ഞെടുപ്പ് പ്രക്രിയകൾ അവസാനിക്കുന്നത് വരെ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ പ്രാബല്യത്തിലായിരിക്കുന്നതും മുഴവൻ വിദ്യാർത്ഥികളും പെരുമാറ്റ ചട്ടം നിർബന്ധമായും പാലിക്കേണ്ടതുമാണ്.

Sd/-
**വരണാധികാരി**